ഉത്തരം

1977–78—1978–79 വർഷങ്ങളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം പോലീസ് ഡിപ്പാർട്ടുമെന്റിൽ ഗസറ്റഡ് റാങ്കിൽ ആരേയും നിയമിച്ചിട്ടില്ല. എന്നാൽ ഡി. വൈ. എസ്. പി. റാങ്കിൽ രണ്ടുപേരെ നിയമിക്കുകയും അവർ രണ്ടുപേരും 28–1–1977-ലും 31–1–1977-ലും ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

സർവ്വീസിലിരിക്കെ മരണമടഞ്ഞയാളിന്റെ ആശ്രിതർക്ക് ജോലി

1256 [2014] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കവെ മരണം സംഭവിച്ച പി. സി. 4653 ശ്രീ. എ. രാമചന്ദ്രന്റെ (നെയ്യാറ്റിൻകര റൂറൽ എ. ആർ. ക്യാമ്പ്) വിധവ കിഴക്കുംകര ശാരദാ ഭവനിൽ ജയകുമാരി ജോലിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്ന്;

(സി) ഇവരുടെ അപേക്ഷ പരിഗണിച്ച് ഇവർക്ക് അർഹമായ ജോലി നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗവൺമെന്റിന് കിട്ടിയത് 30–11–1978-ൽ.

(സി) ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

പോലീസ് ഉദ്യോഗസ്ഥൻമാർ മുടി നീട്ടി വളർത്തുന്നതായി പരാതി

1257 [2019] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സർവ്വീസിലെ ഉയർന്ന ഉദ്യോഗസ്ഥൻമാർ ഹിപ്പികളെപ്പോലെ മുടി നീട്ടി വളർത്താൻ നിലവിലുള്ള വ്യവസ്ഥ അനുവദിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ടി വ്യവസ്ഥ ലംഘിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരായി എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആരും മുടി നീട്ടി വളർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഹോട്ടലുകളിൽ ഭക്ഷണപദാർത്ഥങ്ങളുടെ വിലവിവരപ്പട്ടിക

1258 [2023] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണപദാർത്ഥങ്ങളുടെ വിലവിവരപ്പട്ടിക ഹോട്ടലുകളിൽ പ്രദർശിപ്പിക്കണമെന്ന് നിലവിൽ വ്യവസ്ഥയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ പ്രദർശിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും, പ്രദർശിപ്പിക്കാതിരിക്കുന്നവർക്കുമെതിരെ നടപടി സ്വീകരിക്കാനും ഇപ്പോൾ എന്തെങ്കിലും നടപടിക്രമം ഉണ്ടോ;

(സി) ഉണ്ടെങ്കിൽ തിരുവനന്തപുരം നഗരത്തിലെ ആസാദ്, അരോമ, സേവ്യർ, സ്വിസ്, സോ വോയ്, സീബ്ലൂ എന്നീ ഹോട്ടലുകളിൽ ഭക്ഷണ പദാർത്ഥങ്ങളുടെ വിലവിവരം പ്രദർശിപ്പിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത ഹോട്ടലുകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാൻ വേണ്ട നിർദ്ദേശം നൽകുന്നതാണ്.

ഭക്ഷണപദാർത്ഥങ്ങളുടെ അളവും ഗുണവും പരിശോധിക്കാൻ നിലവിലുള്ള വ്യവസ്ഥ

1259 [2035] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ നൽകുന്ന ഭക്ഷണപദാർത്ഥങ്ങളുടെ അളവും ഗുണവും പരിശോധിക്കാൻ നിലവിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ;

(ബി) തലസ്ഥാനത്തെ പല ഹോട്ടലുകളിലും കൂടുതൽ വില ഈടാക്കി അളവിൽകുറച്ച് മോശമായ ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്തുവരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് കർശനമായി നിയന്ത്രിക്കാൻ വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങളുടെ അളവ് നിയമത്തെ ഉത്തരവുകൾ മുഖേന തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ തിരു-കൊച്ചി പബ്ലിക് ഹെൽത്ത് ആക്ട് പ്രകാരം മനുഷ്യന് ഉപയോഗ പ്രദമല്ലാത്ത ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുന്നതും സംഭരിക്കുന്നതും വിൽക്കുന്നതും തടഞ്ഞിട്ടുണ്ട്.

(ബി, സി) വിലയും അളവും നിയമപ്രകാരം ക്ലിപ്തപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഒരു നിശ്ചിത വിലയ്ക്കും അളവിനും വിൽക്കണമെന്ന് ഹോട്ടൽ ഉടമകളെ നിയമപരമായി നിർബന്ധിക്കുവാൻ സാധിക്കുകയില്ല, എന്നിരുന്നാലും ഹോട്ടൽ ഉടമകളുമായി ചർച്ചകൾ നടത്തി ചായ, കാപ്പി, സാധാരണ ഊണ് എന്നിവയുടെ വില കൂടാതിരിക്കുവാനും അളവ് കുറയാതിരിക്കുവാനും ഗവൺമെന്റ് കഴിവുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly